12. ഇ.എസ്.ഐ. ഡിസ്പെൻസറി, കഴക്കൂട്ടം

13. ഇ.എസ്.ഐ. ഡിസ്പെൻസറി, നെടുമങ്ങാട്.

എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ സ്ഥാപനങ്ങൾ

1. ദി ഇന്ത്യ ഹോസ്പിറ്റൽ ട്രസ്റ്റ്, മേലേതമ്പാനൂർ

2. NIMS ഹോസ്പിറ്റൽ, ആറാലുംമൂട്, നെയ്യാറ്റിൻകര

3. SM CSI മെഡിക്കൽകോളേജ് ആന്റ് ഹോസ്പിറ്റൽ, കാരക്കോണം

4. ദേവി സ്കാൻസ്, കമാരപുരം

5. മെഡിട്രീനാ ഹോസ്പിറ്റൽ, പട്ടം

6. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ആനയറ

7. ശ്രീഗോകുലം മെഡിക്കൽ കോളേജ്, വെഞ്ഞാറമൂട്

8. ഡോ. ഗിരിജാസ് ഡയഗ്നോസ്റ്റിക് ലബോറട്ടറി & സ്കാൻസ്, ആറ്റിങ്ങൽ

9. എസ്.പി. മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, പാറശ്ശാല.

അന്യസംസ്ഥാന തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതി

163 (2372) ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമപദ്ധതി നിലവിലുണ്ടോയെന്നും എങ്കിൽ ഇതിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വിശദമാക്കുമോ ;

(ബി) ഇവർക്കാവശ്യമായ ജോലി സാഹചര്യങ്ങൾ, ഇവരുടെ നിയന്ത്രണം എന്നിവ സർക്കാരിന്റെ നിയന്ത്രണത്തിലാക്കാൻ നപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അന്യസംസ്ഥാനത്തെ തൊഴിലാളികൾക്കായി കേരള കടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി നിലവിലുണ്ട്. കേരളത്തിലെ വിവിധ തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

മേഖലകളിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾ ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുവരുന്നു. അന്യസംസ്ഥാന തൊഴിലാളികൾ നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന നിബന്ധനയില്ലാത്തതിനാൽ ഇതുവരെ 49706 അന്യസംസ്ഥാന തൊഴിലാളികളാണ് ടി പദ്ധതിയിൽ അംഗത്വമെടുത്തിട്ടുള്ളത്. എന്നാൽ അന്യസംസ്ഥാന തൊഴിലാളികൾ നിർബന്ധമായും അംഗത്വം എടുത്തിരിക്കണമെന്ന് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ല.

(ബി) തൽക്കാലം പരിഗണനയിലില്ല.

ശരണ്യപദ്ധതി

164 (2373) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശരണ്യ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ ;

(ബി) ശരണ്യ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു ; പദ്ധതി പ്രകാരം എത്രപേർക്ക് ആനുകൂല്യം നൽകി ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുക ; വിശദമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും, പ്രായം 18-നും 55-നും മധ്യേയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപ്പെടുത്തിയവർ, മുപ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭർത്താവ് ഉപേക്ഷിച്ച് പോയവർ എന്നീ വിഭാഗത്തിലുള്ള വനിതകളെയാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിനായി തെരഞ്ഞെടുക്കുന്നത്. ഈ നിബന്ധനകൾ പാലിക്കുന്ന വനിതകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിക്കുന്ന അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പ്രാഥമിക പരിശോധനയ്ക്കുശേഷം പദ്ധതി പ്രകാരം വായ്പയ്ക്ക് ശുപാർശ ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കുന്നു. ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറും, ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ,

LIBRARY ARCHIVES Kerala Legislative Assembly